# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3218** **11.12.2014-ൽ മറുപടിക്ക്**

**മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി**

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) മഞ്ഞപ്ര-അയ്യമ്പുഴ റോഡിന്റെയും കോതായിതോട് പാലത്തിന്റെയും നിർമ്മാണത്തിനായി ഭരണാനുമതി നൽകിയത് എന്നാണ്; എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത്; | (എ) 14.07.2009 ൽ 168 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. |
| (ബി) പ്രസ്തുത ഭരണാനുമതി പ്രകാരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞില്ല. |
| (സി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിനു വേണ്ടിയുള്ള പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചത്; പ്രസ്തുത എസ്റ്റിമേറ്റിൽ സ്ഥലമെടുപ്പിനായുള്ള തുക പ്രതിപാദിച്ചിട്ടുണ്ടോ; | (സി) റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള പ്രൊപ്പോസൽ 04.09.2013 ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഭൂമി ഏറ്റെടുക്കുന്നതിനായി 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ ഭരണാനുമതി ഉത്തരവിൽ സ്ഥല | (ഡി) 27.12.2013 ലെ സ.ഉ(സാധാ)നം. 1689/13/പൊമവ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക ഉൾപ്പെടെ 375 ലക്ഷം രൂപയ്ക്കുള്ള |

| | | | |
|---|---|---|---|
| | മെട്ടപ്പിനായി തുക ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യം വ്യക്തമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | | റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | എന്തെല്ലാം നടപടിക്രമങ്ങളാണ് പാലത്തിന്റെ പണി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കുവാനുള്ളത്; | (ഇ) & (എഫ്) & (ജി) | പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (എഫ്) | ഈ പാലത്തിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (ജി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ